(ബി) പൊതുമരാമത്തിനെക്കുറിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് സഹായകരമായ ടോൾഫ്രീ ഹെൽപ്പ്ലൈൻ സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത സംവിധാനങ്ങളിലൂടെ പൊതുജനങ്ങൾക്ക് എവിടെ നിന്നൊക്കെ പരാതികളും നിർദ്ദേശങ്ങളും നൽകാനാകും എന്നറിയിക്കുമോ ?

ഉത്തരം

(എ) ഇ-ടെണ്ടറിംഗ് സമ്പ്രദായം വഴി താഴെപ്പറയുന്ന നേട്ടങ്ങൾ കൈവരിക്കാനാകുന്നതാണ്.

1. ടെണ്ടറിൽ പങ്കെടുത്ത വ്യക്തികളുടെ വിവരങ്ങൾ ടെണ്ടർ തുറക്കുന്ന സമയംവരെ മറ്റുള്ളവർക്ക് അറിയുവാൻ സാധിക്കില്ല. അതിനാൽ ടെണ്ടർ നടപടികളിൽ മത്സരക്ഷമത ഉറപ്പുവരുത്താൻ കഴിയും.

2. ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമായി വളരെ വേഗത്തിൽ പൂർത്തിയാക്കുവാൻ കഴിയും. ഇതുവഴി പൊതുമരാമത്ത് പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള കാലവിളംബം ഒഴിവാക്കുന്നതിനും സാധിക്കും.

3. കരാറുകാർക്ക് പൊതുമരാമത്ത് വകുപ്പ് ഓഫീസുകളിൽ നേരിട്ട് ഹാജരാകാതെ തന്നെ പൊതുമരാമത്ത് വെബ് സൈറ്റിൽ നിന്നും ടെണ്ടർ ഡോക്കുമെന്റ്സ് പരിശോധിച്ച് ഓൺ ലൈനിലൂടെ ടെണ്ടറിൽ പങ്കെടുക്കുന്നതിന് കഴിയും.

4. ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വെബ് സൈറ്റിൽ നിന്നും പൊതുജനങ്ങൾക്ക് പരിശോധിക്കുക വഴി ടെണ്ടറിംഗിലുള്ള സുതാര്യത വർദ്ധിക്കും.

ഈ നടപടികളിലൂടെ ക്രമക്കേടുകൾ ഇല്ലാതാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) പൊതുമരാമത്ത് വകുപ്പിൽ പൊതുജനങ്ങളുടെ പരാതികൾ അറിയിക്കുന്നതിനായി ഒരു പബ്ലിക് ഇൻഫർമേഷൻ സെൽ പ്രവർത്തിച്ചു വരുന്നു. പൊതുജനങ്ങൾക്ക് അവരുടെ പരാതികൾ 18004257771 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിച്ച് ഈ സെല്ലിൽ അറിയിക്കാവുന്നതാണ്.

(സി) എല്ലാ ലാൻഡ് ലൈൻ ഫോണിൽ നിന്നും മൊബൈൽ ഫോണിൽ നിന്നും പരാതികളും നിർദ്ദേശങ്ങളും നൽകാനാകും.

പി.ഡബ്ല്യു.ഡി. മാനുൽ പരിഷ്ക്കരണം

155 (5860) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഇ-ടെണ്ടറിംഗ് ഉൾപ്പെടെയുള്ള പരിഷ്ക്കരണത്തിന്റെ ഭാഗമായി നിലവിലെ പി.ഡബ്ല്യു.ഡി. മാനുൽ പരിഷ്ക്കരണമെന്ന നിർദ്ദേശം നടപ്പിലാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനായി ഈ സർക്കാർ ഏതെങ്കിലും സമിതിയെ നിയോഗിച്ചിരുന്നുവോ ;

(സി) പി.ഡബ്ല്യൂ.ഡി. മാന്വൽ പരിഷ്ക്കരിക്കുന്നതിനായി എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ;

(ഡി) ഇത്തരം ഭേദഗതികൾ ഉൾപ്പെടുത്തിയ പുതിയ മാന്വൽ എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്നാണ് കരുതുന്നത് ;

(ഇ) മാന്വൽ പരിഷ്ക്കരണം നിശ്ചിത സമയപരിധിക്കുള്ളിൽ നടപ്പാക്കുന്നതിൽ കാലതാമസമുണ്ടായതിനുണ്ടായ കാരണങ്ങൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) പിഡബ്ല്യു.ഡി. മാന്വൽ പരിഷ്ക്കരണം സംബന്ധിച്ച പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

(ബി) ഇൻസ്റ്റിറ്റ്യൂഷണൽ സ്ട്രെംഗ്തനിംഗ് ആക്ഷൻ പ്ലാനിന്റെ ഭാഗമായി അതിന്റെ സാങ്കേതിക ഉപദേഷ്ടാവായ M/s SMEC International Limited-ന്റെ സഹായത്തോടെയാണ് പരിഷ്ക്കരിച്ച പി.ഡബ്ല്യൂ.ഡി. മാന്വലിന്റെ കരട് തയ്യാറാക്കിയിട്ടുള്ളത്. പ്രോജക്ട് വിഭാഗം ചീഫ് എഞ്ചിനീയറാണ് ഇതിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

(സി) നിലവിലുള്ള പി.ഡബ്ല്യൂ.ഡി. മാന്വൽ 1972-ൽ നിലവിൽ വന്നതാണ്. നിർമ്മാണ മേഖലയിൽ ആധുനികമായി വന്നിട്ടുള്ള എല്ലാ മാറ്റങ്ങളും, അവയുടെ നടത്തിപ്പിൽ വന്നിട്ടുള്ള മാറ്റങ്ങളും ഉൾക്കൊള്ളിച്ച് നിലവിലുള്ള മാന്വൽ പരിഷ്ക്കരിക്കുന്നതാണ്. ഓർഗനൈസേഷണൽ മാനേജ്മെന്റിലും, പ്ലാനിംഗ് ആന്റ് പോളിസിയിലും, പ്രോജക്ട് പ്രിപ്പറേഷനിലും, പ്രോജക്ട് ഇംപ്ലിമെന്റേഷനിലും, അസറ്റ് മാനേജ്മെന്റിലും ആവശ്യമായ എല്ലാ മാറ്റങ്ങളും പുതിയ മാന്വലിൽ വരുത്തുന്നതാണ്. ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം ഉൾപ്പെടെ വിവര സാങ്കേതിക രംഗത്തെ നൂതന സാങ്കേതിക വിദ്യയും ആധുനിക നിർമ്മാണ സാങ്കേതിക വിദ്യയും ഉപയോഗിക്കാനുള്ള നിർദ്ദേശങ്ങളും മാന്വലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) താമസംവിനാ പരിഷ്ക്കരിച്ച പി.ഡബ്ല്യു.ഡി. മാന്വൽ നിലവിൽ വരുന്നതാണ്.

(ഇ) മാന്വൽ പരിഷ്ക്കരണം വളരെ അവധാനതയോടെയും വിവിധ തലങ്ങളിൽ വിശദമായ ചർച്ചകളിലൂടെയും തീരുമാനിക്കേണ്ട സമയം ആവശ്യമായ പ്രവൃത്തിയാണ്. പ്രോജക്ട് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച കരട് മാന്വൽ സർക്കാരിന്റെ വിവിധ തലങ്ങളിൽ പരിശോധിക്കേണ്ടതായുണ്ട്. ഇപ്രകാരം പരിശോധിക്കുമ്പോൾ ഉയർന്നുവരുന്ന നിർദ്ദേശങ്ങൾ കൂടി ഉൾക്കൊള്ളിച്ച് പുതിയ പി.ഡബ്ല്യു.ഡി. മാന്വൽ കാലവിളംബം കൂടാതെ നടപ്പിലാക്കുന്നതാണ്.

2214/12

LIBRARY ARCHIVES Kerala Legislative Assembly